No. CEE/3600/KEAM-2021/TA2

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം–695 001.

# വിജ്ഞാപനം

## കീം 2021

## മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## വിവിധ സംവരണാനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം

2021–22 വർഷത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും നിശ്ചിത സമയത്തിനുള്ളിൽ നീറ്റ് സ്കോർ ഓൺലൈനായി സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും വിവിധ സംവരണാനുകൂല്യങ്ങൾ തെളിയിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിച്ച സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അവസാനമായി ഒരു അവസരംകൂടി നൽകുന്നു. **04.12.2021 മുതൽ 10.12.2021 വൈകുന്നേരം 5.00 മണിവരെ** ഇതിന് അവസരം ഉണ്ടായിരിക്കുന്നതാണ്.

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള അപേക്ഷയോടൊപ്പം വിവിധ സംവരണാനുകൂല്യങ്ങൾക്കുള്ള അവകാശവാദം ഉന്നയിക്കാത്തവർക്ക് അർഹമായ സംവരണം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ ഈ ഘട്ടത്തിൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2021 Candidate Portal'** ൽ അപേക്ഷാനമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ **'Upload Documents (Mercy chance)'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് പുതിയതായി സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാവുന്നതാണ്.

അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിച്ച സർട്ടിഫിക്കറ്റുകളിലെ നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2021 Candidate Portal'** ൽ അപേക്ഷാനമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാവുന്നതാണ്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റുകളിലെ അപാകതകൾ കാരണം സംവരണം നിരസിക്കപ്പെട്ടവർ ഈ അവസരത്തിൽ സംവരണാനുകൂല്യത്തിനായി പുതിയതായി രേഖകൾ/സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യേണ്ടതാണ്.

വിദ്യാർത്ഥികൾ സ്വന്തം ഉത്തരവാദിത്വത്തിൽ സാധുവായതും അപാകതയില്ലാത്തതുമായ സർട്ടിഫിക്കറ്റുകളാണ് അപ്ലോഡ് ചെയ്തതെന്ന് ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ന്യൂനതകൾ ഉള്ള സർട്ടിഫിക്കറ്റുകളാണ് ഈ ഘട്ടത്തിൽ അപ്ലോഡ് ചെയ്യുന്നതെങ്കിൽ അത് പരിഹരിക്കുന്നതിനായി പിന്നീട് അവസരം നൽകുന്നതല്ല.

ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ തപാൽ/നേരിട്ടോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ: 0471 -2525300**

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
04.12.2021